(ബി) ഉണ്ടെങ്കിൽ എത്രപേർ; എന്ത കറവത്തിന്ന്; എത്ര കാലത്തേക്ക്?

റാവുസാഹിബ് എ. മാധവപ്രഭ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്: ര പോലീസ്സുകാരെ സസ്പെൻറ് ചെയ്ത എന്ന കേട്ടത ശരിയാണോ?

റാവു സാഹിബ് എ. മാധവപ്രഭ: ഇല്ലെന്നാണ് അറിയുന്നത്.

ESTBLISHMENT OF THE DIRECTOR OF FOOD SUPPLIES OFFICE

182. **Mr. M. O. Thomakutty** *(Commerce and Industry):* Will Government be pleased to state.—

(*a*) how many posts are there in the Office of the Director of Food Supplies that carry a pay of Rs. 60 and above;

(*b*) out of these, how many are now occupied by caste Hindus (സവർണ്ണഹിന്ദുക്കൾ);

(*c*) out of these how many are occupied by Christians?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) 28.

(*b*) 19.

(*c*) 3.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഫുഡ് സപ്ലൈസ് ഡിപ്പാർട്ട്മെണ്ടിൽ അപ്പായിൻറുമെൻറ നടത്തുന്നത് സാമുദായിക പ്രാതിനിദ്ധ്യവും, കായ്പ്രാപ്തിയും, വിവരവും മറവും നോക്കിയിട്ടാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫുഡ് സപ്ലൈസ് ഡിപ്പാർട്ടമെണ്ടിലെ ഉദ്യോഗസ്ഥന്മാരെ ആരേയും പുതുതായി നിയമിക്കപ്പെട്ടതല്ല. സർവ്വീസിലുള്ള ആളുകളെതന്നെയാണ് അതിലേയ്ക്കെടുത്തിട്ടുള്ളത്. അവരെ മിക്കവാറും കായ്പ്രാപ്തിനോക്കിയെടുക്കാനാണ് വഴി.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know Sir, whether the Government are aware that in this peculiar and new department where the Director of Food Supplies because of his experience in many fields, was not making selections of the best men available from every department and making requests to Government to transfer them on to the Food Supplies Department.

Mr. P. Govinda Menon *(Minister for Food and Education):* On account of the difficult nature of the work of the department some selections have been made.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതിൽ സാമുദായിക പ്രാതിനിദ്ധ്യം നോക്കിയിട്ടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതു പുതിയതായിട്ടുള്ള നിയമനമല്ലാ, സാമുദായിക പ്രാതിനിദ്ധ്യം നോക്കാൻ ഡിപ്പാർട്ടമെണ്ടു് ഫെഡ്സിൻെറ റക്കമെൻേഷൻ അനുസരിച്ചു മറെറ ഡിപ്പാർട്ടമെണ്ടിൽനിന്നു ആളുകളെ അങ്ങോട്ടു ഡപ്യൂട്ട് ചെയ്യുന്നു എന്നു മാത്രമെയുള്ളു.

PROTECTED WATER—SUPPLY OF

183. **Mrs. T. Francis** *(Ernakulam-Women):* Will Government be pleased to state whether they are supplying protected water te the Island of Mulavukad at present as they are supplying the same to Vypeen, Panambukad, Vallarpadam, etc?

Rao Bahadur T. K. Nayar *(Minister for Public Health):* No.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: പനമ്പുകാട്, വല്ലാർപാടം മുതലായ സ്ഥലങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്നതു് മുളവുകാട്ടുവഴിക്കാണോ?

റാവു ബഹദൂർ ടി. കെ. നായർ: അതിൻെറ അടുക്കൽകൂടിയായിരിക്കാം കൊണ്ടുപോകുന്നതു്.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: അങ്ങിനെ അതിലെ വെള്ളം കൊണ്ടുപോകുമ്പോൾ കുറച്ചു അവിടെയും കൊടുക്കാൻ എന്താണ് വിരോധം?

റാവു സാഹിബ് കെ. അയ്യപ്പൻ: L.C.T. യിൽ കൊണ്ടുപോകാവുന്നതു വെള്ളമാതുമെ കൊടുക്കാൻ സാധിക്കയുള്ളു. അതുകൊണ്ടു് ഏറവും അത്യാവശ്യം എന്നു തോന്നുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib K. Ayyappan]

സ്ഥലങ്ങളിൽ മാത്രമേ വെള്ളം കൊടുക്കാറുള്ളൂ. മുളവുകാടുംമറ്റും വൈപ്പിൻകരയിലെ ചില പ്രദേശങ്ങളോടൊന്നും തന്നെ ജലക്ഷാമമുള്ള സ്ഥലങ്ങളല്ല.

മിസ്സ് ടി. ഫ്രാൻസീസ്സ്: ആ വഴിക്കാണ് വെള്ളം കൊണ്ടുപോകുന്നത്. അപ്പോൾ മറ്റു സ്ഥലങ്ങളെപ്പോലെതന്നെ വെള്ളം ആവശ്യമുള്ള അവിടേയും കുറച്ചു വെള്ളം കൊടുത്തിട്ടുപോകാൻ സാദ്ധ്യമല്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്?

റാവു സാഹിബ് കെ. അയ്യപ്പൻ: അവിടെ വെള്ളം കൊടുത്താൽ, അതിനേക്കാൾ അത്യാവശ്യമായ സ്ഥലത്തു് വെള്ളം കിട്ടാതെ വരുകയില്ലേ എന്നാണ് സംശയം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വെള്ളം കൊണ്ടുപോകുന്നതിനു് കൂടുതൽ ക്രാഫ്റ്റ് ഉപയോഗിക്കരുതോ?

റാവു സാഹിബ് കെ. അയ്യപ്പൻ: അതു് അത്ര എളുപ്പമുള്ള കാര്യമല്ല.

മിസ്സിസ് ടി. ഫ്രാൻസീസ്: എങ്ങിനെയെങ്കിലും അവിടെക്കൂടി കുറച്ചു വെള്ളം കൊടുക്കാൻ ഏർപ്പാടു ചെയ്യാമൊ?

റാവു സാഹിബ് കെ. അയ്യപ്പൻ: അതിനെപ്പറ്റി ആലോചിക്കാം.

COLLEGE AT KOOVAPADAM—LAND ACQUISITION

184. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു ദയവായി മറുപടി പറയുമൊ.—

(എ) കുവപ്പാടത്തു് ഒരു കോളേജിനുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തുള്ള കുടികിടപ്പുകാർക്കു മാറി താമസിക്കുവാൻ വേണ്ട സ്ഥലം ഗവർമ്മെണ്ടു് അക്വയർ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ;

(സി) എത്ര ഏക്കർ സ്ഥലം?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഇവരുടെ ആവശ്യത്തിനും മറ്റു ആവശ്യങ്ങൾക്കും കൂടി അക്വയർ ചെയ്യുവാൻ വേണ്ട നടപടികൾ എടുത്തുവരുന്നുണ്ടു്.

(ബി) കൊച്ചികണയന്നൂർ താലൂക്കു രാമേശ്വരം വില്ലേജിൽ.

(സി) ഉദ്ദേശം 40 ഏക്കർ സ്ഥലം എടുക്കുന്നുണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: നടപടികൾ എടുത്തുവരുന്നുണ്ടു് എന്നു പറഞ്ഞിട്ടുണ്ടല്ലൊ; അതു് എത്രത്തോളമായിട്ടുണ്ടു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം, ഡി നോട്ടിഫിക്കേഷൻ വേണം. അതിൽ ഒന്നു കഴിഞ്ഞു. മറ്റൊന്നിനും സമയമാകുന്നേയുള്ളൂ.

മിസ്റ്റർ പി. കെ. ഡിവർ: കുവപ്പാടത്തുനിന്നു് കുടികിടപ്പുകാരെ ഒഴിപ്പിച്ചൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഇവരെ മാറ്റി താമസിപ്പിക്കുന്നതിനുള്ള സ്ഥലം തയ്യാറായിക്കഴിഞ്ഞിട്ടുണ്ടൊ?

മിസ്റ്റർ സി ആർ. ഇയ്യുണ്ണി: സ്ഥലം എടുത്തിട്ടില്ല. അക്വയർ ചെയ്യുന്നതിനു് നിശ്ചയിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡിവർ: ഈ കുടികിടപ്പുകാർ അവിടെനിന്നു് ഒഴിഞ്ഞുപോകേണ്ടി വരുന്നതിനുമുമ്പു്, അടിയന്തിരാവശ്യമായി, അവർക്കു വേറെ സ്ഥലം അക്വയർചെയ്തു കൊടുക്കാൻ സാധിക്കുമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിനുള്ള നടപടിയെടുക്കുന്നുണ്ടു്. പക്ഷെ, അടിയന്തിരാവശ്യം എന്നുള്ള നിലയിലല്ലാ എടുക്കുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇനിയത്തെ നോട്ടിഫിക്കേഷൻ വരുന്നതോടുകൂടി അവർക്കു് അവിടെനിന്നു് ഒഴിഞ്ഞുപോകേണ്ടിവരുമല്ലൊ; അതിനുമുമ്പു് അവർക്കു താമസിക്കാനുള്ള സ്ഥലം വേറെ കൊടുക്കുമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൊടുക്കണമെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

മിസ്റ്റർ പി. ടി. ജേക്കബ്: കോളേജിനുവേണ്ടിയുള്ള സ്ഥലം അക്വയർചെയ്യുന്നതിനെ സംബന്ധിച്ചു് രണ്ടു നോട്ടിഫിക്കേഷനും കഴിഞ്ഞൊ?

LIBRARY ARCHIVES Kerala Legislative Assembly